TB Movie Panel Weekly Review

**#moviepanel**

FREEDOM FIGHT

OTT Platform : SONYliv

'ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ ' സംവിധായകൻ ജിയോ ബേബി അവതരിപ്പിക്കുന്ന ആന്തോളജി ചിത്രം ആണ് 'സ്വാതന്ത്ര്യ സമരം' അഥവാ 'Freedom Fight '. സ്വാതന്ത്ര്യം എന്താണ് എന്നതിനു തങ്ങളുടേതായ വ്യത്യസ്ത വ്യാഖ്യാനങ്ങളാണ് ഇവിടെ സംവിധായന്മാർ സിനിമകളിലൂടെ നൽകിയിരിക്കുന്നത്. കാഴ്ചക്കും കേൾവിക്കും പുതുമ നൽകുന്നത് പലതും ഇതിലൂടെ കാണാനും കേൾക്കാനും കഴിയുന്നതാണ്.

1. GEETHU UNCHAINED
( Director : Akhil Anilkumar)

സ്വന്തം വീട്ടിൽ ഉറക്കെ സംസാരിച്ചാൽ പോലും അയൽക്കാർ എന്തു പറയും എന്ന് കരുതി ജീവിക്കാൻ സമൂഹം പഠിപ്പിക്കുന്ന പെൺകുട്ടികളുടെ നിസ്സഹായത നമുക്ക് സ്ഥിര പരിചിതമാണ്. മറ്റുള്ളവർ എന്ത് ചിന്തിക്കും എന്ന ചിന്തയിൽ തന്റെ ഇഷ്ടങ്ങൾ മാറ്റി വെക്കേണ്ടതില്ല എന്നും No പറയേണ്ടടുത്ത് വളരെ വ്യക്തമായി No തന്നെ പറയണം എന്നും തിരിച്ചറിയുന്ന ഗീതുവിന്റെ കഥയാണ് Geethu Unchained. വളരെ രസകരമായ ഈ സിനിമയുടെ ക്ലൈമാസ് സോഷ്യൽ മീഡിയയിൽ ഇതിനകം വളരെയധികം ശ്രദ്ധ നേടി.

2. അസംഘടിതർ
(Director : kunjila Maskilamani )

ഒരു ഡോക്യുമെന്ററി സ്വഭാവത്തോടെയുള്ള കഥ പറച്ചിലാണ് ഈ സിനിമയിൽ ഉടനീളം കാണാൻ കഴിയുന്നത്. തുണി പീടികയിലെ ജോലിക്കാരായ സ്ത്രീകൾ പ്രാഥമിക കാര്യങ്ങൾ പോലും നിർവഹിക്കാൻ സ്ഥലമില്ലാതെ അതിനെ ചോദ്യം ചെയ്യാൻ പോലും കഴിയാത്ത നിസ്സഹായ അവസ്ഥയിൽ നിന്ന് കരകേറി വരുന്നതാണ് ഇതിലെ പ്രധാന പ്രതിപാത വിഷയം. സിൻട്രയുടെ മികച്ച അഭിനയമാണ് ഈ സിനിമയുടെ പ്രധാന പ്ലസ് പോയിന്റായി എടുത്തു പറയാൻ കഴിയുന്നത്.

3. RATION (ക്ലിപ്ത വിപ്ലവം)
(Director : Francis Louiis)

ഉള്ളവന്റെയും ഇല്ലാത്തവന്റെയും അവസ്ഥകളെ യാഥാർഥ്യ

ബോധത്തോടെ കാണിക്കുന്ന സിനിമ, ചെറിയ ഒരു കഥയാണെങ്കിൽ പോലും കഥാപാത്രങ്ങളുടെ വൈകാരികത പ്രേക്ഷകനിലേക് നന്നായി എത്തിക്കാൻ സംവിധായകനു കഴിഞ്ഞിട്ടുണ്ട്. ജിയോ ബേബിയും ഇതിൽ ഒരു പ്രധാന വേഷം ചെയ്തിട്ടുണ്ട്.

4. OLD AGE HOME
(Director : Jeo Baby)

കൂട്ടത്തിൽ അല്പം വേഗത കുറഞ്ഞ സിനിമയാണ് old age home എന്ന് പറയാം. ജോജു ജോർജിന്റെ അഭിനയ ശേഷിയെ നന്നായി ചൂഷണം ചെയ്യാൻ ഇതിൽ സംവിധായകനു കഴിഞ്ഞിട്ടുണ്ട്. പ്രായം ആകുന്നവർ care എന്ന പേരിൽ അനുഭവിക്കുന്ന
ആസ്വാതന്ത്ര്യം ആണ് ഇതിൽ പ്രധാനമായും പറഞ്ഞു പോകുന്നത്.

5. പ്ര.തു.മു (പ്രജാപതിക്കു തൂറാൻ മുട്ടി)
(Director : Jithin Isacc Thomas)

മലയാള സിനിമ ഇതുവരെ പറയാത്തതും കാണിക്കാത്തതുമാണ് ഈ സിനിമയിൽ ഉള്ളത് പുതുമുഖം ഉണ്ണി ലാലുവിന്റെ ഇതിലെ അഭിനയം അഭിനന്ദനം അർഹിക്കുന്നതാണ്. അവകാശങ്ങൾ എന്നത് സമൂഹത്തിലെ മുകൾ തട്ടിൽ ഉള്ളവർ എന്നു കരുതുന്നവർക്ക് മാത്രമല്ല എല്ലാവർക്കും ഉണ്ടെന്നു സിനിമ സംസാരിക്കുന്നു. കഥയുടെ പശ്ചാത്തലത്തിനു കൂടുതൽ ചേരും വിധം monochrome ഫ്രെയിംസ് ആണ് ഈ സിനിമ മുഴുനീളം ഉപയോഗിച്ചിരിക്കുന്നത്. സിദ്ധാർഥ് ശിവയുടെ ഇന്നോളം കണ്ടിട്ടുള്ള കഥപാത്രങ്ങളിൽ ഏറ്റവും മികച്ചത് എന്ന് പറയാൻ വിധം ഭീകരമാണ് പ്രജാപതി.